**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2332**
**14/06/2019 ലെ മറുപടിയ്ക്ക്**

**<u>സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് രേഖകളുടെ കമ്പ്യൂട്ടറൈസേഷൻ</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ഡോ: ടി. എം.തോമസ് ഐസക്** <br> ധനകാര്യവും കയറും വകുപ്പുമന്ത്രി |
| എ | സർക്കാർ ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് രേഖകളുടെ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പൂർത്തീകരിക്കുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ; | സർക്കാർ ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് രേഖകളുടെ കംപ്യൂട്ടറൈസേഷൻ പൂർത്തികരിച്ചു വരുന്നു. |
| ബി | സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് എടുത്തിട്ടുള്ള ജീവനക്കാർക്ക് പോളിസി സർട്ടിഫിക്കറ്റ് കൃത്യമായി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. <br><br> 2016-ലെ ശമ്പളപരിഷ്കരണത്തോടനുബന്ധിച്ച് എസ്.എൽ.ഐ പ്രീമിയം നിരക്ക് വർദ്ധിപ്പിച്ചതിനാനുപാതികമായി എസ്.എൽ.ഐ പോളിസിക്കുള്ള ഒന്നര ലക്ഷത്തോളം അപേക്ഷകൾ വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലുമായി ലഭിച്ചിരുന്നു. ടി അപേക്ഷകളിൻമേൽ പോളിസികൾ നൽകുന്നതിന് പ്രത്യേക ഫയൽ തീർപ്പാക്കൽ പദ്ധതി പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. തയ്യാറാക്കിയിട്ടുള്ള പോളിസികൾ അടിയന്തിരമായി ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | |
|---|---|---|
| സി | പോളിസി സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിന് മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നൽകണമെന്ന് നിഷ്കർഷിക്കുന്നതുമൂലം പെൻഷൻ പറ്റി പിരിയുന്ന ജീവനക്കാർ നേരിടുന്ന വിഷമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇൻഷ്വറൻസ് സംബന്ധിച്ച പൊതുവായ ചട്ടങ്ങളുടെയും എസ്.എൽ.ഐ പദ്ധതി സംബന്ധിച്ച ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് ഡ്യൂപ്ലിക്കേറ്റ് പോളിസി എടുക്കുന്നതിന് മുദ്രപത്രത്തിൽ സത്യവാങ്മൂലം സ്വീകരിച്ചു വരുന്നത്. ഇതു സംബന്ധിച്ച് ജീവനക്കാർക്ക് വിഷമതകൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല |
| ഡി | എങ്കിൽ അത് പരിഹരിക്കുന്നതിന് ഡ്യൂപ്ലിക്കേറ്റ് പോളിസി വേണമെന്നുള്ള നിബന്ധന ഒഴിവാക്കി, പോളിസി സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് ഇല്ലാതെ തന്നെ വരിസംഖ്യ രേഖകളുടെ അടിസ്ഥാനത്തിൽ പോളിസി തുക നൽകുവാൻ നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**